# MARY MATHA ARTS & SCIENCE COLLEGE MANANTHAVADY

## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് 2026-27

### പൊതു നിർദേശങ്ങൾ

**1)** തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ അറിയിപ്പുകളും **കോളേജ് വെബ്സൈറ്റിലും, കോളേജ് നോട്ടീസ് ബോർഡിലും** അതാത് സമയങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

**2)** തെരഞ്ഞെടുപ്പ് പ്രചരണാർഥം **14-09-2026** മുതൽ **17-09-2026** വരെ, വെള്ളിയാഴ്ചത്തെ *സമയക്രമം* ആയിരിക്കും പിന്തുടരുന്നത്.

**3)** ക്യാമ്പസിനകത്ത് **പതാകകൾ, കൊടിതോരണങ്ങൾ, ഉച്ചഭാഷിണികൾ, ബാനറുകൾ, വാദ്യോപകരണങ്ങൾ, സ്റ്റിക്കറുകൾ, പോസ്റ്ററുകൾ, ചുവരെഴുത്തുകൾ** എന്നിവ അനുവദിക്കുന്നതല്ല.

**4)** **പ്രിന്റ് ചെയ്ത പോസ്റ്ററുകൾ** പ്രചാരണത്തിന് ഉപയോഗിക്കാൻ പാടില്ല.

**5)** **മുദ്രാവാക്യങ്ങളും, റാലികളും** ക്യാമ്പസ്സിനകത്ത് അനുവദിക്കുന്നതല്ല.

**6)** ക്യാമ്പസ്സിന്റെ പ്രവേശന കവാടങ്ങളിൽ രണ്ടിടത്തും (Main Road Side & Near to Security Cabin) **ബാനറുകളോ, പതാകകളോ, കൊടിതോരണങ്ങളോ** ഉപയോഗിക്കാൻ പാടില്ല.

***7)*** ക്ലാസ്സ് സമയങ്ങളിൽ, **തെരഞ്ഞെടുപ്പ് പ്രചാരണ യോഗങ്ങളോ, പ്രചാരണ പ്രവർത്തനങ്ങളോ** അനുവദിക്കുന്നതല്ല. *അനുവദനീയമായ സമയത്ത് സ്ഥാനാർത്ഥിക്ക് പ്രചാരണം നടത്താവുന്നതാണ്.*

**8)** തെരഞ്ഞെടുപ്പ് പ്രചാരണം **17-09-2026-ന് 12.30 pm വരെ** ആയിരിക്കും.

**9)** തെരഞ്ഞെടുപ്പിൽ **ഗ്രീൻ പ്രോട്ടോകോൾ, ഹെൽത്ത് പ്രോട്ടോകോൾ** എന്നിവ പാലിക്കേണ്ടതാണ്.

***10)*** തെരഞ്ഞെടുപ്പിനുവേണ്ടി ചെയ്ത **എല്ലാ പ്രചാരണ ബോർഡുകളും, അലങ്കാരങ്ങളും, തോരണങ്ങളും, ബാനറുകളും** തെരഞ്ഞെടുപ്പ് ഫലം വന്നു *48 മണിക്കൂറിനുള്ളിൽ നീക്കം ചെയ്യേണ്ടതാണ്.*



Returning Officer
Mary Matha Arts & Science College
P.O. Vemom, Mananthavady - 670645

11) **വോട്ടർ പട്ടികയിൽ പേരുള്ള കോളേജ് വിദ്യാർഥികൾക്കു മാത്രമേ** കോളേജ് ക്യാമ്പസിനുള്ളിൽ തെരഞ്ഞെടുപ്പ് അനുബന്ധ പ്രവർത്തനങ്ങൾ നടത്താൻ അനുമതിയുള്ളൂ.

12) **വോട്ടെടുപ്പ് 18-09-2026 വെള്ളിയാഴ്ച 9.30 am മുതൽ 12.30 pm വരെ ആണ്.** വോട്ടെടുപ്പ് നടക്കുന്ന സമയം പോളിംഗ് ബൂത്തിൽ പ്രിസൈഡിങ് ഓഫീസറുടെയും അയാൾ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾ എല്ലാ വോട്ടർമാരും പാലിക്കേണ്ടത് ആണ്.

13) വോട്ടു ചെയ്യുന്നതിന് **യൂണിഫോം, കോളേജിന്റെ തിരിച്ചറിയൽ കാർഡ്** ഇവ നിർബന്ധമാണ്.

14) **വോട്ട് നടക്കുന്ന ദിവസം:** വോട്ട് ചെയ്യുന്നതിന് മുൻപ് തന്നെ ബൂത്തിൽ വോട്ട് ചെയ്യാനുള്ള യാതൊരു തടസ്സവും ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

15) വോട്ട് നടക്കുന്ന ദിവസമുള്ള ബൂത്തിലെ പ്രശ്നങ്ങൾ അവിടെയുള്ള **പ്രിസൈഡിങ് ഓഫീസറോട്** റിപ്പോർട്ട് ചെയ്യേണ്ടതാണ്.

16) **വ്യക്തിഗത തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെയും, ഗ്രൂപ്പ് തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെയും** സമയക്രമങ്ങൾ വ്യത്യസ്തമാണ് .

17) സ്ഥാനാർത്ഥികൾ മുഴുവൻ സമയവും **ID കാർഡ്** ധരിക്കേണ്ടതാണ്.

18) **വ്യക്തിഗത തെരഞ്ഞെടുപ്പ് പ്രചാരണം**: 14/09/2026 മുതൽ 17/09/2026 വരെ (സമയം : 12.30 - 1.40). ഈ സമയങ്ങളിൽ പ്രസംഗങ്ങൾ പാടില്ല.

19) **ഗ്രൂപ്പ് തെരഞ്ഞെടുപ്പ് പ്രചാരണം**: 16/09/2026 മുതൽ 17/09/2026 വരെ. ഈ രണ്ടു ദിവസങ്ങളിലും ക്ലാസ് നടക്കുന്ന സമയങ്ങളിൽ പ്രചരണം നടത്താവുന്നതാണ് (16/09/2026-തീയ്യതി മുഴുവൻ സമയവും, 17/09/2026-തീയ്യതി രാവിലെ മുതൽ 12.30 വരെ) .

20) **ഹാജർ** : 10/09/2026-ലെയും 16/09/2026-ലെയും 17/09/2026-ലെയും (മൂന്ന് ദിവസങ്ങളിലെ) ഹാജറിന് സ്ഥാനാർത്ഥിയും അവരെ പിന്താങ്ങിയ അല്ലെങ്കിൽ നിർദ്ദേശിച്ച ഒന്നാമത്തെയും രണ്ടാമത്തെയും വ്യക്തികളും അർഹരാണ്.

Mary Matha Arts & Science College
Mananthavady
04935 241087
P.O. 670645
P.O Vemom



Returning Officer
Mary Matha Arts & Science College
P.O. Vemom, Mananthavady - 670645

**21)** യൂണിഫോം ധരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർദ്ദേശിക്കുന്ന *കൗൺസിലിന്റെ തീരുമാനങ്ങൾ അന്തിമമാണ്.*

**22)** **മുഴുവൻ സമയ ഗവേഷണ വിദ്യാർത്ഥികളും** വോട്ട് ചെയ്യാൻ അർഹരാണ് .

**23)** വോട്ടെടുപ്പ് ദിവസം ഉച്ചകഴിഞ്ഞ് മുഴുവൻ വോട്ടുകളും എണ്ണി കഴിഞ്ഞ ശേഷം **കോളേജിന്റെ ഗേറ്റിൽ വച്ച്** തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്നതായിരിക്കും .

**24)** വോട്ടർ പട്ടികയിൽ പേരുള്ള ***കോളേജ് വിദ്യാർത്ഥികൾക്ക്*** വോട്ട് ചെയ്യാവുന്നതാണ്.

**25)** കണ്ണൂർ യൂണിവേഴ്സിറ്റി ഇലക്ഷൻ ഷെഡ്യൂളിൽ നിർദേശിച്ചിട്ടുള്ള കാര്യങ്ങൾ *കോളേജിൽ നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുന്നതാണ്.*

**26)** കോളേജിൽ വരാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് വോട്ടർ പട്ടികയിലെ വിവരങ്ങൾ *കോളേജ് വെബ്സൈറ്റ് വഴി പരിശോധിക്കാവുന്നതാണ്.* **തിരുത്തലുകൾ** ഉണ്ടെങ്കിൽ അതതു ഡിപ്പാർട്ട്മെന്റിലെ മെൻഡർമാരെ അറിയിക്കേണ്ടതാണ്.

**27)** ഇലക്ഷൻ നടക്കുന്ന ദിവസമായ 18/9/2026 ന് (വെള്ളി )വോട്ട് ചെയ്യാൻ അർഹരായ എല്ലാ കോളേജ് വിദ്യാർത്ഥികളും **യൂണിഫോമും ID കാർഡും** ധരിച്ചു വരേണ്ടതാണ്.

**28) സ്ഥാനാർഥികളുടെ പ്രചാരണം സംബന്ധിച്ച നിർദ്ദേശങ്ങൾ: (16/09/2026 മുതൽ 17/09/2026 വരെ മാത്രം)**

i. ഒരു പാനലിൽ പെട്ട വിദ്യാർത്ഥികൾക്ക് ഒരു ക്ലാസിൽ **പരമാവധി 10 മിനിറ്റ്** മാത്രമേ സംസാരിക്കാൻ അനുവാദമുള്ളൂ.

ii. അധ്യാപകർക്ക് *ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ* ക്ലാസുകളിൽ പ്രചാരണം നടത്തേണ്ടതാണ്.

iii. **ക്ലാസ് തുടങ്ങി അധ്യാപകൻ ഹാജർ എടുത്തതിനുശേഷം** മാത്രമേ സ്ഥാനാർത്ഥികൾ ക്ലാസുകളിൽ കയറാൻ പാടുള്ളൂ.

iv. സ്ഥാനാർത്ഥികക്ക് ***മാത്രമേ*** ഒരു ക്ലാസിൽ സംസാരിക്കാൻ അനുവാദം ഉണ്ടാവുകയുള്ളൂ.

**29) കണ്ണൂർ യൂണിവേഴ്സിറ്റിയുടെയും, കോളേജിന്റെയും, ലിങ്ദോ കമ്മിറ്റിയുടെയും** നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുന്നത് സ്ഥാനാർഥിത്വം അസാധുവാക്കപ്പെടുന്നതിനും ഇലക്ഷൻ മാറ്റി വെക്കപ്പെടുന്നതിനും കാരണമാകാം.

Mary Matha Arts & Science College
Mananthavady
04935241087
Pin 670645
P.O. Vemom



Returning Officer
Mary Matha Arts & Science College
P.O. Vemom, Mananthavady - 670645

30) യൂണിവേഴ്സിറ്റി നിർദ്ദേശപ്രകാരം യൂണിയൻ തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം നടന്ന് മൂന്ന് ആഴ്ചയ്ക്കുള്ളിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികൾ യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കേണ്ടതാണ് ശേഷം ലഭിക്കുന്ന പരാതികൾ യൂണിവേഴ്സിറ്റിയിലെ ഇലക്ഷൻ ഗ്രീവൻസ് റിഡ്രീസൽ സെല്ല് പരിഗണിക്കുന്നതല്ല.

**NB: മുകളിൽ പരാമർശിച്ച എല്ലാ നിർദേശങ്ങളും ലിങ്ദോ കമ്മിറ്റിയുടെ ശുപാർശക്കും, കണ്ണൂർ യൂണിവേഴ്സിറ്റിയുടെ നിയമാവലിക്കും കോളജിന്റെ നിബന്ധനകൾക്കും വിധേയമായിരിക്കും.**

**14-09-2026**
മാനന്തവാടി

Returning Officer
Mary Matha Arts & Science College
P.O. Vemom, Mananthavady - 670645

## ഇലക്ഷൻ കമ്മിറ്റി പ്രതിനിധികൾ:

| സീരിയൽ നമ്പർ | പേര് | പഠനത്തിന്റെ വർഷം | ക്ലാസ് | ഒപ്പ് |
|---|---|---|---|---|
| 1) | ഖദീജത്തുൽ ഷഹർബ | മൂന്നാം വർഷം | Functional English | |
| 2) | അഭിനവ് കെ ~~പി~~ എ | മൂന്നാം വർഷം | BCOM | |
| 3) | ജോയൽ ജോൺസൻ. | മൂന്നാം വർഷം | Social Science Economics | |
| 4) | മുഹമ്മദ് സാബിത്ത് | മൂന്നാം വർഷം | Functional English | |
| 5) | സിനാൻ ~~കെ~~ വി എ | രണ്ടാം വർഷം | BCOM | |
| 6) | നിധ ഫാത്തിമ | ഒന്നാം വർഷം | Physics | |
| 7) | മുഹമ്മദ് റിസ്‌വാൻ | മൂന്നാം വർഷം | Computer Science | |
| 8) | റിഷാൻ സിദ്ദിഖ് | മൂന്നാം വർഷം | Social Science Economics | |
| 9) | ജോസ്ന വർഗീസ് | മൂന്നാം വർഷം | Social Science Economics | |
| 10) | റെസ്‌ല ഫാത്തിമ | മൂന്നാം വർഷം | Social Science Economics | |
| 11) | ആകാശ് അനിൽ | മൂന്നാം വർഷം | Social Science Economics | |
| 12) | മുഹമ്മദ് യാസിൻ | മൂന്നാം വർഷം | Social Science Economics | |

Mary Matha Arts & Science College
Vemom

Returning Officer
Mary Matha Arts & Science College
P.O. Vemom, Mananthavady - 670645